ബി1/168/2024-ടി.സി 26-03-2025

**സർക്കുലർ നം 8/2025**

വിഷയം :- മോട്ടോർ വാഹന വകുപ്പ് -സംസ്ഥാന ധനകാര്യ ബിൽ 2025- നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

പരാമർശം :- 2025-26 ലെ കേരള ധനകാര്യ ബിൽ

2025-26 വർഷത്തെ സംസ്ഥാന ധനകാര്യ ബിൽ പ്രകാരം 01.04.2025 മുതൽ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമം 1976 ലെ ഷെഡ്യൂൾ, അനക്സർ എന്നിവയുടെ ഭേതഗതിയിലൂടെ നികുതി നിരക്കിൽ വരുന്ന വ്യത്യാസം ചുവടെ നൽകുന്നു.

**എ.ടാക്സേഷൻ നിയമത്തിലെ ഷെഡ്യൂളിൽ 01.04.2025 മുതൽ നിലവിൽ വരുന്ന ഭേതഗതികൾ**

**(1) കോണ്ട്രാക്ട് ക്യാരേജ്**

സംസ്ഥാനത്ത് രജിസ്ടർ ചെയ്ത കോണ്ട്രാക്ട് ക്യാരേജ് വാഹനങ്ങൾ ഓർഡിനറി, പുഷ്ബാക്ക് , സ്ലീപ്പർ സീറ്റുകൾ എന്ന തരം തിരുവ് ഇല്ലാതെ ത്രൈമാസ നികുതി ചുവടെ പറയുന്ന പ്രകാരം ഏകീകരിച്ച് ക്രമീകരിക്കുന്നു.

(i) 7 മുതൽ 12 വരെ യാത്രക്കാർ യാത്ര ചെയ്യുന്ന കോൺട്രാക്ട് കാര്യേജുകളുടെ ത്രൈമാസ നികുതി സീറ്റൊന്നിന് 350 രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(ii)13 മുതൽ 20 വരെ യാത്രക്കാർ യാത്ര ചെയ്യുന്ന കോൺട്രാക്ട് കാര്യേജുകളുടെ ത്രൈമാസ നികുതി സീറ്റൊന്നിന് 600 രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(iii)20-ന് മുകളിൽ യാത്രക്കാർ യാത്ര ചെയ്യുന്ന കോൺട്രാക്ട് കാര്യേജുകളുടെ ത്രൈമാസ നികുതി സീറ്റൊന്നിന് 900 രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(iv) Heavy Passenger Motor Vehicle വിഭാഗത്തിൽ പെടുന്നതും സ്ലീപ്പർ ബർത്തുകൾ ഘടിപ്പിച്ചതുമായ കോൺട്രാക്ട് കാര്യേജുകളുടെ ത്രൈമാസ നികുതി സീറ്റൊന്നിന് 1500 രൂപയായി നിശ്ചയിച്ചിരിക്കുന്നു. ഇത്തരം വാഹനങ്ങളിൽ ബെർത്തുകൾക്കൊപ്പം സീറ്റുകളും ഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ഓരോ ബെർത്തിനും 1500 രൂപ നിരക്കിലും സീറ്റുകൾക്ക് 900 രൂപ നിരക്കിലും നികുതി ഈടാക്കേണ്ടതാണ്.

(v) ഇതര സംസ്ഥാനത്ത് രജിസ്ടർ ചെയ്ത് മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(8) പ്രകാരം സ്പെഷ്യൽ പെർമിറ്റ് എടുത്തു

കേരളത്തിലേക്ക് പ്രവേശിക്കുന്ന കോണ്ട്രാക്ട് ക്യാര്യേജ് വാഹനങ്ങൾക്ക് സാധാരണ സീറ്റിനും പുഷ് ബാക്ക് സീറ്റിനും ഒരേ നിരക്കായിരിക്കും.അതായത്, സീറ്റൊന്നിന് 2500/-രൂപയായി നിശ്ചയിച്ചിരിക്കുന്നു. (സ്ളീപ്പർ ബർത്തുള്ള ഇ വിഭാഗത്തിലെ കോണ്ട്രാക്ട് ക്യാര്യേജ് വാഹനങ്ങൾക്ക് 4000/- രൂപ എന്ന നിലവിലെ നിരക്കിൽ മാറ്റമില്ല). എന്നാൽ ഇത്തരം വാഹനങ്ങൾ സംസ്ഥാനത്തു സർവീസ് നടത്തുന്നതിനായി 7 ദിവസത്തേക്കാണ് പെർമിറ്റ് എടുത്തിട്ടുള്ളതെങ്കിൽ അവയിൽ നിന്നും ത്രൈമാസ നികുതിയുടെ പത്തിൽ ഒന്ന് ഭാഗം നികുതിയും 30 ദിവസത്തേക്കാണ് പെർമിറ്റ് എടുത്തിട്ടുള്ളതെങ്കിൽ ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്ന് ഭാഗവും നികുതി ഈടാക്കിയാൽ മതിയെന്ന നിലവിലെ നിയമവ്യവസ്ഥ **(As per Sub section 5 of Section 3 of KMVT Act)** തുടരുന്നതാണ്.

**<u>(2) സ്റ്റേജ് ക്യാര്യേജ്</u>**

(i) ഓർഡിനറി പെർമിറ്റുള്ള സ്റ്റേജ് ക്യാര്യേജുകളുടെ ത്രൈമാസ നികുതി ഓരോ യാത്രക്കാരനും 540/-രൂപ എന്നത് 490/- രൂപയായി കുറയുന്നു.

(ii)ഫാസ്റ്റ് പാസഞ്ചർ, എക്സ്പ്രസ്സ് പെർമിറ്റുള്ള സ്റ്റേജ് ക്യാര്യേജുകളുടെ ത്രൈമാസ നികുതി ഓരോ യാത്രക്കാരനും620/-രൂപ എന്നത് 560/- രൂപയായി കുറയുന്നു.

(iii) ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, എക്സ്പ്രസ്സ് പെർമിറ്റുള്ള സ്റ്റേജുകളിൽ നിന്ന് കൊണ്ട് യാത്ര ചെയ്യുവാൻ അനുവദിച്ചിട്ടുള്ള ഓരോ യാത്രക്കാരനും ത്രൈമാസ നികുതി ഒരു യാത്രക്കാരന് 190/- രൂപ എന്നത് 170/- രൂപയായി കുറയുന്നു

(iv) ടൌൺ,സിറ്റി പെർമിറ്റുള്ള സ്റ്റേജുകളിൽ നിന്ന് കൊണ്ട് യാത്ര ചെയ്യുവാൻ അനുവദിച്ചിട്ടുള്ള ഓരോ യാത്രക്കാരനും ത്രൈമാസ നികുതി ഒരു യാത്രക്കാരന് 140/- രൂപ എന്നത് 130/- രൂപയായി കുറയുന്നു

(v)തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒടുക്കേണ്ട സിറ്റി/ ടൌൺ സർവീസുകൾ ഒഴികെയുള്ള ഓർഡിനറി പെർമിറ്റുള്ള സ്റ്റേജ് ക്യാര്യേജുകളുടെ ത്രൈമാസ നികുതി ഒരു ചതുരശ്ര മീറ്ററിന് 1050/- രൂപ എന്നത് 950/-രൂപയായി കുറയുന്നു.

(vi) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒടുക്കേണ്ട സിറ്റി/ ടൌൺ പെർമിറ്റുള്ള സ്റ്റേജ് ക്യാര്യേജുകളുടെ ത്രൈമാസ നികുതി ഒരു ചതുരശ്ര മീറ്ററിന് 890/- രൂപ എന്നത് 800/-രൂപയായി കുറയുന്നു.

(vii) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒടുക്കേണ്ട ഫാസ്റ്റ് പാസഞ്ചറും മറ്റ് ഉയർന്ന ക്ലാസ് പെർമിറ്റുള്ള സ്റ്റേജ് ക്യാര്യേജുകളുടെ ത്രൈമാസ നികുതി ഒരു ചതുരശ്ര മീറ്ററിന് 1140/- രൂപ എന്നത്1030/- രൂപയായി കുറയുന്നു.

**<u>ബി.ടാക്സേഷൻ നിയമത്തിലെ അനക്സർ -I ൽ 01.04.2025 മുതൽ നിലവിൽ വരുന്ന ഭേതഗതികൾ</u>**

(i)ഇലക്ട്രിക് മോട്ടോർ സൈക്കിളുകളുടേയും വ്യക്തിഗത ഉപയോഗത്തിനുള്ള ഇലക്ട്രിക് ത്രീവിലറുകളുടേയും ഒറ്റതവണ നികുതി വാങ്ങൽ വിലയുടെ(Purchase Value) 5% എന്ന നിലവിലുള്ള നിരക്കിൽ മാറ്റമില്ല

(ii)പതിനഞ്ച് ലക്ഷം വരെ വിലയുള്ള ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് PSV for personal use എന്നിവയുടെ ഒറ്റതവണ നികുതി വാങ്ങൽ വിലയുടെ(Purchase Value) 5% ആയിരിക്കും.

(iii)പതിനഞ്ച് ലക്ഷത്തിനു മുകളിൽ ഇരുപത് ലക്ഷം വരെ വിലയുള്ള ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് PSV for personal use എന്നിവയുടെ ഒറ്റതവണ നികുതി വാങ്ങൽ വിലയുടെ(Purchase Value) 8% ആയിരിക്കും

(iv) ഇരുപത് ലക്ഷത്തിന് മുകളിൽ വിലയുള്ള ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് PSV for personal use എന്നിവയുടെ ഒറ്റതവണ നികുതി വാങ്ങൽ വിലയുടെ(Purchase Value) 10% ആയിരിക്കും

(v)ബാറ്ററി വില വാഹന വിലയിൽ ഉൾപ്പടാതെ വാഹനം വാങ്ങുകയും പിന്നീട് വാടകക്കോ, പാട്ടത്തിനോ മറ്റേതെങ്കിലും വ്യവസ്ഥയിലോ ബാറ്ററി കരസ്ഥമാക്കി ഘടിപ്പിച്ച് ഉപയൊഗിക്കുന്ന ഇലക്ട്രിക് മോട്ടോർ കാറുകൾ, ഇലക്ട്രിക് PSV for personal use എന്നിവയുടെ ഒറ്റതവണ നികുതി വിൽപ്പന വിലയുടെ(Purchase Value) 10% ആയിരിക്കും.

**<u>സി.ടാക്സേഷൻ നിയമത്തിലെ അനക്സർ -II ൽ 01.04.2025 മുതൽ നിലവിൽ വരുന്ന ഭേതഗതികൾ</u>**

(i) രജിസ്ട്രേഷൻ കാലാവധിയായ പതിനഞ്ച് വർഷ കാലാവധിക്ക് ശേഷം രജിസ്ട്രേഷൻ പുതുക്കുന്ന മോട്ടോർ സൈക്കിളുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങൾക്കും അഞ്ച് വർഷത്തേക്കുള്ള നികുതി 900/- രൂപയിൽ നിന്നും 1350/- രൂപയായി വർദ്ധിക്കുന്നു.

(ii) രജിസ്ട്രേഷൻ കാലാവധിയായ പതിനഞ്ച് വർഷ കാലാവധിക്ക്

ശേഷം രജിസ്ട്രേഷൻ പുതുക്കുന്ന 750 kg വരെ ULW ഉള്ള മോട്ടോർ കാറുകളുടെ അഞ്ച് വർഷത്തേക്കുള്ള നികുതി 6400/- രൂപയിൽ നിന്നും 9600/- രൂപയായി വർദ്ധിക്കുന്നു.

(iii) രജിസ്ട്രേഷൻ കാലാവധിയായ പതിനഞ്ച് വർഷ കാലാവധിക്ക് ശേഷം രജിസ്ട്രേഷൻ പുതുക്കുന്ന 750kg ന് മുകളിൽ 1500kg വരെ ULW ഉള്ള മോട്ടോർ കാറുകളുടെ അഞ്ച് വർഷത്തേക്കുള്ള നികുതി 8600/- രൂപയിൽ നിന്നും 12900/- രൂപയായി വർദ്ധിക്കുന്നു.

(iv)രജിസ്ട്രേഷൻ കാലാവധിയായ പതിനഞ്ച് വർഷ കാലാവധിക്ക് ശേഷം രജിസ്ട്രേഷൻ പുതുക്കുന്ന 1500kg ന് മുകളിൽ ULW ഉള്ള മോട്ടോർ കാറുകളുടെ അഞ്ച് വർഷത്തേക്കുള്ള നികുതി 10600/- രൂപയിൽ നിന്നും 15900/- രൂപയായി വർദ്ധിക്കുന്നു.

മേൽ വിവരിച്ച മാറ്റങ്ങൾ നടപ്പിൽ വരുത്തുന്നതിനു ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

(1)സ്റ്റേജ് ക്യാര്യേജുകളുടേയും കോണ്ട്രാക്റ്റ് ക്യാര്യേജുകളുടേയും പുതിയ നികുതി നിരക്ക് 01.04.2025 മുതലാണ് പ്രാബല്യത്തിൽ വരുന്നത്.01.04.2025 മുതലുള്ള നികുതി 31.03.2025 മുമ്പ് ഉയർന്ന നിരക്കിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ തുടർന്നുള്ള കാലയളവിൽ നികുതി ഒടുക്കുമ്പോൾ അഡ്ജസ്റ്റ് ചെയ്ത് നൽകാവുന്നതാണ്

(2)സ്റ്റേജ് ക്യാര്യേജുകളുടെ ഫിറ്റ്നസ്സ് പരിശോധന സമയത്ത് രജിസ്ട്രേഷൻ രേഖകളിലെ തറവിസ്തീർണ്ണം അളന്നുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്

(3)31.03.2025 രാത്രി 12 മണി വരെ പുതിയതായി രജിസ്ട്രർ ചെയ്യുന്നതിനായി പൂർണമായ ഓൺലൈൻ പേയ്മെൻറ്റ് നടത്തി അപേക്ഷിക്കുന്ന ഇലക്ട്രിക്ക് വാഹനങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാവില്ല

(4)31.03.2025 വരെ പുതിയതായി രജിസ്ട്രർ ചെയ്യുന്നതിനായി നികുതി ഒടുക്കി അപേക്ഷിക്കുന്ന ഇലക്ട്രിക്ക് വാഹനങ്ങൾക്ക് ഫാൻസി നമ്പർ ബുക്ക് ചെയ്തിട്ടുണ്ടെങ്കിൽ **താത്കാലിക രജിസ്ട്രേഷൻ കാലാവധിക്കുള്ളിൽ** വാഹനം രജിസ്ട്രർ ചെയ്താൽ പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതില്ല.

(5) അനക്സർ II പ്രകാരമുള്ള നികുതി വർദ്ധന നിലവിൽ വരുന്നത് 01.04.2025 മുതലാണ്.01.04.2025 മുതലുള്ള നികുതി 31.03.2025 മുമ്പ് പഴയ നിരക്കിൽ നിരക്കിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ടി വാഹനങ്ങളിൽ നിന്നും നികുതി വ്യത്യാസം ഈടാക്കേണ്ടതാണ്.ഇതിനായി കണക്ക് പരിശോധന

നിരീക്ഷണങ്ങൾ കാത്തിരിക്കേണ്ടതില്ല.

ജീവനക്കാരടെ യോഗം ചേർന്ന് സർക്കുലർ വിശദീകരിച്ച് നൽകേണ്ടതും സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതുമാണ്.

Signed by
Chakilam Nagaraju
Date: 26-03-2025 13:56:41

**NAGARAJU CHAKILAM IPS**
**TRANSPORT COMMISSIONER**

പകർപ്പ്:

1 ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) / സീനിയർ ഡി. റ്റി. സി. (ടാക്സ്) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.

2 സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസ്സിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൗണ്ട്സ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ (ഓഡിറ്റ്).

3 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. / മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും -

4 നോഡൽ ഓഫീസർ എസ്. എസ് ജി സെൽ (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ **www.mvd.kerala.gov.in** പ്രസിദ്ധീകരിക്കുന്നതിനായി)